*Estd. 1870 A. D*

Phone : 2355491, 2351894
Email : ernakulampubliclibrary@gmail.com
Website : www.ernakulampubliclibrary.com

# ERNAKULAM PUBLIC LIBRARY

(Registered under the T. C Literary, Scientific and charitable Societies Registration Act)

LIBRARY BUILDING
CONVENTROAD
COCHIN-682 035
(KERALA, INDIA)
P. B. No. 3212

## ഡോ. സുകുമാർ അഴിക്കോട് മെമ്മോറിയൽ
## അഖില കേരള പ്രസംഗ മത്സരം

എറണാകുളം പബ്ലിക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അഡ്വ. എം.എം.ചെറിയാൻ സ്മാരക എവർ റോളിംഗ് ട്രോഫിക്കു വേണ്ടിയുള്ള ഡോ.സുകുമാർ അഴീക്കോട് മെമ്മോറിയൽ അഖില കേരള പ്രസംഗ മത്സരം 2024 ജനുവരി 20 ശനിയാഴ്ച രാവിലെ 10 am ന് പബ്ലിക് ലൈബ്രറിയിൽ നടത്തുന്നതാണ്. സംസ്ഥാനത്തിനകത്തുള്ള സർക്കാർ അംഗീകാരമുള്ള എല്ലാ കലാലയങ്ങളിൽ നിന്നും രണ്ടു വിദ്യാർത്ഥികൾക്ക് മത്സരത്തിന് പങ്കെടുക്കാം. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന വിദ്യാർത്ഥിക്ക് ക്യാഷ് പ്രൈസും സ്ഥാപന ത്തിന് എവർ റോളിംഗ് ട്രോഫിയും നൽകും. മത്സരത്തിന്റെ നിയമാവലി ഈ അറിയിപ്പിനോടൊപ്പം അയക്കുന്നു.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്ന സാക്ഷ്യപത്രവും അപേക്ഷയും ജനുവരി 15 ന് മുമ്പ് ലൈബ്രറിയിൽ എത്തിക്കേണ്ടതാണ്. പ്രവേശനഫീസായി ഓരോ വിദ്യാർത്ഥിയും 200 രൂപ വീതം ലൈബ്രറിയിൽ അടക്കേണ്ടതാണ്. വിശദവിവരങ്ങൾ ലൈബ്രറിയുടെ www.ernakulampubliclibrary.com വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

എറണാകുളം
13/12/2023

സെക്രട്ടറി

Scanned with CamScanner

# ഡോ. സുകുമാർ അഴിക്കോട് മെമ്മോറിയൽ

# അഖില കേരള പ്രസംഗ മത്സരം

# നിയമാവലി

1. 01.ഡോ.സുകുമാർ അഴിക്കോടിന്റെ സ്മരണ നിലനർത്തുന്നതിനായി അഖില കേരളാടിസ്ഥാനത്തിൽ എറണാകുളം പബ്ലിക് ലൈബ്രറിയാണ് ഈ പ്രസംഗ മത്സരം സംഘടിപ്പിക്കുന്നത്.

   02.എല്ലാ വർഷവും ജനുവരി 24 ന് ഡോ.സുകുമാർ അഴിക്കോടിന്റെ ഓർമ്മ ദിനത്തിലോ അതിന്റെ ഏറ്റവും അടുത്ത ഏതെങ്കിലും ദിവസത്തിലോ ലൈബ്രറി ഭരണ സമിതി തീരുമാനിക്കുന്ന മുറയ്ക്ക് മത്സരം നടക്കുന്നതാണ്.

   03.കേരളത്തിലെ എല്ലാ കലാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

2. 01.മത്സരത്തിൽ ഓരോ സ്ഥാപനത്തിൽ നിന്നും നിർദ്ദേശിക്കപ്പെടുന്ന രണ്ട് പേർക്ക് മാത്രമാണ് മത്സരിക്കാൻ അനുവാദമുള്ളത്. ഒരോരുത്തരും പ്രത്യേകമായിട്ടായിരിക്കും പങ്കെടുക്കുന്നത്.

   02.മത്സരിക്കുന്ന വ്യക്തികളെ അതാത് വിദ്യാഭ്യാസസ്ഥാപങ്ങൾ തെരഞ്ഞെടുത്ത് അയക്കേണ്ടതാണ്. സ്ഥാപനമേധാവിയുടെ അംഗീകാരത്തോടു കൂടി വിദ്യാർത്ഥികൾ എത്തേണ്ടതാണ്.

   03.മത്സരത്തിനു നിശ്ചയിക്കുന്ന തീയതിക്കു നാലു ദിവസം മുമ്പെങ്കിലും സ്ഥാപനങ്ങളിൽ നിന്നും മത്സരാർത്ഥികളുടെ വിവരം എറണാകുളം പബ്ലിക് ലൈബ്രറി സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്. മത്സരാർത്ഥികൾ ലൈബ്രറി നിശ്ചയിക്കുന്ന ഫീസ് മുൻകൂട്ടി നൽകി രസീത് കൈപ്പറ്റേണ്ടതാണ്.

   04.മത്സരത്തിനു നിശ്ചയിക്കപ്പെട്ട സമയത്തിന് ഒരു മണിക്കൂർ മുമ്പെങ്കിലും മത്സരാർത്ഥികൾ റിപ്പോർട്ട് ചെയ്തിരിക്കണം.

3. 01.മത്സരത്തിൽ പങ്കെടുക്കുന്നവർ നിർദ്ദിഷ്ട സ്ഥലത്ത് മത്സരം അവസാനിക്കുന്നതുവരെ ഇരിക്കേണ്ടതാണ്. ഈ നിബന്ധന ലംഘിക്കുന്നവരെ മത്സരത്തിൽ പങ്കെടുപ്പിക്കില്ല.

   02.ഒരോ വ്യക്തിയ്ക്കും പ്രത്യേകം നമ്പർ അനുവദിക്കുന്നതാണ്.

   03.പ്രസംഗ സമയം 10 മിനിറ്റായിരിക്കും.

Scanned with CamScanner

04. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പ്രസംഗിക്കുന്നതിന് 10 മിനറ്റ് മുമ്പ് മാത്രമേ വിഷയം നൽകുകയുള്ളൂ.

05.പ്രസംഗിച്ച് കഴിഞ്ഞാൽ മത്സരാർത്ഥി സദസ്സിലായിരിക്കണം ഇരിക്കേണ്ടത്.

06.ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന വ്യക്തിയ്ക്ക് അഡ്വ. എം.എം.ചെറിയാൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി നൽകും. വ്യക്തി പ്രതിനിധാനം ചെയ്യുന്ന സ്ഥാപനത്തിനായിരിക്കും ട്രോഫി നൽകുക.

07.ഏറ്റവും കൂടുതൽ മാർക്ക് നേടുന്നയാളിന് ക്യാഷ് അവാർഡും നൽകും.

**ഒന്നാം സമ്മാനം 10,000/-രൂപ,**
**രണ്ടാം സമ്മാനം 7000/- രൂപ,**
**മൂന്നാം സമ്മാനം 3000/-രൂപ**

4. 01.പ്രസംഗിക്കേണ്ടത് മലയാള ഭാഷയിലായിരിക്കണം.

   02.വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും

5. 01.എവർ റോളിംഗ് ട്രോഫിക്ക് അർഹത നേടുന്ന സ്ഥാപനം സ്വീകരിക്കുന്ന ട്രോഫി അടുത്ത ഡിസംബറിൽ എറണാകുളം പബ്ലിക് ലൈബ്രറിയിൽ തിരികെ ഏൽപിച്ചു കൊള്ളാമെന്ന സമ്മത പത്രം നിയമാനുസൃതമായ വില മുദ്രണം ചെയ്ത മുദ്ര പത്രത്തിൽ നൽകേണ്ടതാണ്.

   02.ടി മുദ്രപത്രത്തിൽ വരേണ്ട കാര്യങ്ങൾ മാനേജിംഗ് കമ്മറ്റി തയ്യാറാക്കുന്നതാണ്.

   03.ട്രോഫിയും സർട്ടിഫിക്കറ്റുകളും മത്സരത്തിനു ശേഷം നടത്തപ്പെടുന്ന സമാപന സമ്മേളനത്തിന് മുൻപായി ഒരു കാരണവശാലും വിതരണം ചെയ്യുന്നതല്ല.

Scanned with CamScanner

## ERNAKULAM PUBLIC LIBRARY

**Dr. Sukumar Azhikode Memorial Inter Collegiate Elocution Competition**

**20th January 2024@10am**

# APPLICATION FORM

**Name** :

**Age, Date of Birth** :

**Class in which you study** :

**College** :

**Address** :

**Mobile No.** :

**E-Mail ID** :

**Signature**

---

**Reg No.**
**Date:**

**Hon.Secretary**

Scanned with CamScanner